3) ഓഫീസ് ചെലവുകൾ(സ്വീപ്പറുടെ ശമ്പളം ഉൾപ്പെടെ.) - 5,28,864/-
(അഞ്ച് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി എണ്ണൂറ്റി അറുപത്തി നാല് രൂപ.)

(ഡി) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

70 (2255) സബ് ഇൻസ്പെക്ടർമാരുടെ നിയമനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിലെ ജനറൽ എക്സിക്യൂട്ടിവ് ബ്രാഞ്ച്, ജില്ലാ സായുധ റിസർവ്വ്, ആംഡ് പോലീസ് ബറ്റാലിയൻ എന്നീ മൂന്ന് വിഭാഗങ്ങളിലേയ്ക്ക് കേരളാ പി.എസ്.സി. വഴിയുള്ള സബ് ഇൻസ്പക്ടർമാരുടെ നേരിട്ടുള്ള നിയമനം ഏകീകരിച്ച് ഒരേ ചാനലിൽ കൂടിയാക്കണമെന്ന് പോലീസ് ഡയറക്ടർ ജനറൽ 3.11.98 ലെ റ്റി1/87678/98 എന്ന കത്തിൽ ആവശ്യപ്പെട്ടിരുന്നുവോ;

(ബി) ഈ കത്തിലെ ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) സബ് ഇൻസ്പെക്ടർമാരുടെ കേരള പി.എസ്.സി. വഴിയുള്ള നിയമനം ഏകീകരിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ)-(സി) ഇത്തരം ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

71 (2256) കായംകുളം മുൻ സി.ഐ.,ഡിവൈ.എസ്.പി. എന്നിവർക്കെതിരെയുള്ള അന്വേഷണം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം സി.ഐ. ആയിരുന്ന സോമസുന്ദരപ്പണിക്കരെയും കൂടെയുണ്ടായിരുന്ന ഡിവൈ.എസ്.പി.യെയുംപ്പറ്റി കായംകുളം എം.എൽ.എ. ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ പരാതിക്കാരനായ എം.എൽ.എ.യിൽനിന്നുകൂടി തെളിവെടുക്കാൻ അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകാമോ;

(സി) ഈ രണ്ടു പോലീസ് ഉദ്യോഗസ്ഥൻമാരെയും തുടർന്ന് ലാന്റ് ആന്റ് ഓർഡറിൽ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സ്ഥലം എം.എൽ.എ.യുടെ പരാതി പരിഗണിച്ച് ഇവരെ ലാന്റ് ആന്റ് ഓർഡറിൽ നിന്ന് ഒഴിവാക്കുന്നകാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) ആലപ്പുഴ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി.യുടെ അന്വേഷണത്തിലാണ്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) കായംകുളം ഡിവൈ.എസ്.പി.യെയും സി.ഐ. സോമസുന്ദരപ്പണിക്കരയേയും സ്ഥലം മാറ്റിയിട്ടുണ്ട്.

72 (2257) **പോലീസ് ടെക്നിക്കൽ വിഭാഗത്തിനുള്ള യൂണിഫോം അലവൻസ്**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഡ് പോലീസ് ബറ്റാലിയനുകളിലെ ടെക്നിക്കൽ സബ് ഇൻസ്പെക്ടർമാർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ടെക്നിക്കൽ വിഭാഗക്കാർ ആരൊക്കെയാണ്; ബാന്റ്, ആർമർ, ഡ്രൈവർ എന്നിവർ ടെക്നിക്കൽ വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ടോ?

ഉത്തരം

(എ) നൽകുന്നുണ്ട്.

(ബി) ടെക്നിക്കൽ വിഭാഗക്കാർ താഴെ പറയുന്നവരാണ്.

ഡ്രൈവർ, മൗണ്ട്പോലീസ്, ഓപ്പറേറ്റർ (ടെലികമ്മ്യൂണിക്കേഷൻ), ലെയ്ത്ത് ഓപ്പറേറ്റർ, ഫറിയർ (മൗണ്ട് പോലീസ്), വെൽഡർ, ആർമർ, അപ്ഹോൾസറർ, ബാന്റ് ആന്റ് ഓർക്കസ്ട്ര, ടെയ്ലർ, മെയ്സൺ, ഇലക്ട്രീഷ്യൻ, റാറ്റൺ വീവർ, ഹാൻഡ്ലർ (ഡോഗ് സ്ക്വാഡ്), സിനിമ ഓപ്പറേറ്റർ, മെക്കാനിക് (മോട്ടാർ ട്രാൻസ്പോർട്ട് യൂണിറ്റ്), മെക്കാനിക് (ടെലികമ്മ്യൂണിക്കേഷൻ) ഷോർട്ട് ഹാൻഡ് റൈറ്റർ - ഗ്രേഡ് 2. ബാന്റ്, ആർമറർ, ഡ്രൈവർ എന്നിവർ ടെക്നിക്കൽ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്.

73 (2258) **പോലീസ് ആസ്ഥാനത്തെ മന്ദിരത്തിൽ നടത്തുന്ന അറ്റകുറ്റപണികൾ**

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ആസ്ഥാനത്ത് പുതിയ മന്ദിരത്തിന് തറക്കല്ലിട്ട ശേഷം പഴയ മന്ദിരത്തിന് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അറ്റകുറ്റപ്പണികൾക്കുവേണ്ടി എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പോലീസ് ആസ്ഥാനത്തെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറ്റകുറ്റപ്പണിക്കൾക്കായി ആകെ മൂന്നുലക്ഷത്തി ഇരുപത്തി മൂവായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി നാല് രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പോലീസ് ആസ്ഥാനത്തെ പഴയ പ്രധാന കെട്ടിടം പൊളിച്ചു മാറ്റാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly